

മുൻ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗന്റെ സ്പെഷൽ അസിസ്റ്റന്റായി പ്രവർത്തിച്ച **ഡഗ് ബാൻഡോ** ഇപ്പോൾ രാഷ്ട്രീയ നിരൂപകനും കോളമിസ്റ്റും യുദ്ധവിരുദ്ധവേദിയുടെ പ്രചാരകനുമായി പ്രവർത്തിക്കുന്നു



# അമേരിക്ക അസ്തമിക്കുന്നു

> ബാങ്കുകളെ തകർച്ചയിൽനിന്ന് പിടിച്ചുനിർത്താൻ ബുഷ് ഭരണകൂടം വൻ തുകകളാണ് ഒഴുക്കുന്നത്. ദൈവപ്രീതിക്കായി കുഞ്ഞുങ്ങളെ ബാൽദേവതക്ക് ബലിനൽകിയ പണ്ടത്തെ കാനനൈറ്റുകളെ പോലെ പണം വലിച്ചെറിഞ്ഞ് കമ്പോള ദേവതകളെ പ്രസാദിപ്പിക്കാനാണ് ശ്രമം. എന്നാൽ കമ്പോള ദൈവങ്ങൾ ഇനിയും പരാതി കേട്ടഭാവമില്ല. മാത്രമല്ല പ്രതിസന്ധി ലോകം മുഴുവൻ വ്യാപിക്കുകയുമാണ്.

**അമേരിക്കൻ** സാമ്രാജ്യത്വം എന്നെന്നേക്കുമായി അസ്തമിക്കുകയാണ്. പ്രസിഡന്റ് സ്ഥാനം സ്വപ്നം കണ്ടിരിക്കുന്ന ബറാക് ഒബാമയോ ജോൺ മെക്കയിനോ ഇത് അംഗീകരിക്കാൻ കൂട്ടാക്കണമെന്നില്ല. എങ്കിലും, ചോദ്യം ചെയ്യപ്പെടാനാവാത്ത ശക്തിയായിരുന്ന അങ്കിൾസാമിന് കിരീടവും ചെങ്കോലും നഷ്ടപ്പെട്ടുകഴിഞ്ഞു.

ഇറാഖ് അധിനിവേശം രാഷ്ട്രത്തിന് പേരുദോഷമുണ്ടാക്കിയെങ്കിലും പഴയ പ്രതാപം പിടിച്ചുനിർത്താൻ അമേരിക്കക്ക് കഴിഞ്ഞിരുന്നു. കൂടുതൽ മണ്ടത്തരങ്ങൾ കാണിച്ചോ നയതന്ത്രക്കൈണികളിലൂടെയോ ലോക നേതൃത്വം തിരിച്ചുപിടിക്കാമെന്നാണ് രാഷ്ട്ര തന്ത്രജ്ഞരായ 'ഭാവി പ്രസിഡന്റു'മാരുടെ വാഗ്ദാനം. എന്നാൽ സാമ്പത്തിക തകർച്ച അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നിലനിൽപിനുതന്നെ കടുത്ത പ്രഹരമേൽപിച്ചിരിക്കുന്നു. വാഷിംഗ്ടണിന് ഇനി ലോകത്തെ ഒരടിപോലും മുന്നോട്ടു നയിക്കാനാവില്ല എന്നതാണ് ശരി.

യു.എസ് ഓഹരി വിപണി താഴേക്ക് പതിച്ചുകൊണ്ടിരിക്കുകയാണ്. ട്രില്യൻ കണക്കിന് ഡോളറിന്റെ സമ്പത്താണ് ദിവസങ്ങൾക്കകം നഷ്ടപ്പെട്ടത്. ബാങ്കുകളെ തകർച്ചയിൽനിന്ന് പിടിച്ചുനിർത്താൻ ബുഷ് ഭരണകൂടം വൻ തുകകളാണ് ഒഴുക്കുന്നത്. ദൈവപ്രീതിക്കായി കുഞ്ഞുങ്ങളെ ബാൽദേവതക്ക് ബലിനൽകിയ പണ്ടത്തെ കാനനൈറ്റുകളെപോലെ പണം വലിച്ചെറിഞ്ഞ് കമ്പോള ദേവതകളെ പ്രസാദിപ്പിക്കാനാണ് ശ്രമം. എന്നാൽ കമ്പോള ദൈവങ്ങൾ ഇനിയും പരാതി കേട്ടഭാവമില്ല. മാത്രമല്ല പ്രതിസന്ധി ലോകം മുഴുവൻ വ്യാപിക്കുകയുമാണ്.

## തിരുത്താനാവാത്ത തെറ്റുകൾ

പ്രതിസന്ധി നിയന്ത്രണാതീതമാവുന്നതിനു മുമ്പ് ഇടപെടാനുള്ള അവസരങ്ങൾ സർക്കാർ പാഴാക്കുകയായിരുന്നു. ദേശീയ കടം ഇപ്പോൾ 9.8 ട്രില്യൻ ഡോളറാണ്. ഇതിൽ 4 ട്രില്യനും ബുഷ് ഭരണകൂടം വാങ്ങി

ക്കൂട്ടിയതാണ്. 2009 ആവുമ്പോഴേക്കും അര ട്രില്യൻ ഡോളർ കൂടി ഇതിനോട് ചേരും. കടം 10.6 ട്രില്യൻ ഡോളറിലധികം പോകരുതെന്നാണ് ഈ വർഷാദ്യത്തിൽ കോൺഗ്രസ് നൽകിയ നിർദേശം.

ഏറെ ഭീതിജനകമായ കാര്യം പല കടബാധ്യതകളും തീർക്കാനുള്ള അവധി കഴിഞ്ഞു എന്നതാണ്. അങ്കിൾസാം ഇതൊന്നും അത്ര കാര്യമാക്കുന്നില്ല എന്നാണ് വ്യക്തമാവുന്നത്. എല്ലാം മുറപോലെ നടക്കുമെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും. രാജ്യത്ത് ഏതു പൗരന് അനുവദിക്കുന്ന കടങ്ങൾക്കും കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് ജാമ്യം നിൽക്കുന്നുണ്ട്. കടം എന്താവശ്യത്തിനാണ് എന്നൊന്നും അവർ നോക്കുന്നില്ല. ഈ കടങ്ങൾ ഇൻഷുർ ചെയ്ത ഫെഡറൽ ഡിപ്പോസിറ്റ് ഇൻഷുറൻസ് കോർപറേഷന് പ്രതീക്ഷിക്കുന്ന ബാങ്ക് നഷ്ടങ്ങൾ നികത്തുന്നതിനുള്ള സാമ്പത്തിക സ്രോതസ്സില്ല താനും. ആവശ്യമുള്ളതിനേക്കാൾ ബില്യൻ കണക്കിന് ഡോളർ കുറവാണ് റിസർവ് ഫണ്ട്. സർക്കാർ ജീവനക്കാരുടെ പെൻഷനും തകർന്ന സ്വകാര്യ കമ്പനികളിലെ ജോലിക്കാരുടെ പെൻഷനും മറ്റും ജാമ്യം നിന്ന വകയിൽ നൽകേണ്ടിവരുന്ന കോടികളുടെ ബാധ്യതയും എങ്ങനെ വാഷിംഗ്ടൺ പരിഹരിക്കുമെന്ന് ഒരു തിട്ടവുമില്ല. ഇതിനു പുറമെയാണ് മെഡികെയർ, സാമൂഹിക സുരക്ഷിതത്വ ഫണ്ടുകൾ. യാതൊരു റവന്യൂവും ഇല്ലാത്ത ഇവ കൊടുത്തുവീട്ടാൻ 100 ട്രില്യൻ ഡോളർ എങ്കിലും വേണ്ടിവരും. എവിടെ നിന്നാണ് ഇതിനൊക്കെ പണം ലഭിക്കുക എന്നാർക്കുമറിയില്ല. ആനുകൂല്യങ്ങൾ ഇനിയും പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയുമാണ് സർക്കാർ. 2003-ലാണ് ബുഷ്ഭരണകൂടം മെഡികെയർ ഡ്രഗ് ബെനഫിറ്റ് സ്കീം പ്രഖ്യാപിച്ചത്. ആനുകൂല്യം നൽകുന്നതിനുള്ള സ്രോതസ്സ് ഇതിനായി കണ്ടെത്തിയതുമില്ല. ട്രില്യൻ കണക്കിന് ഡോളറാണ് ഈ ഇനത്തിൽ അധികഭാരം.

### ബെയിൽഔട്ട് അഥവാ ഏറ്റെടുക്കൽ പ്രഖ്യാപനം

തകർച്ചയിൽപെട്ട ബാങ്കുകളെ കരകയറ്റാനായി കൂടുതൽ പണം വിനിയോഗിക്കുന്നതിലൂടെ കോൺഗ്രസ്സും ഭരണകൂടവും സർക്കാറിന്റെ ബാധ്യത ഇനിയും വർധിപ്പിക്കുകയാണ്. ഫൈനാൻസ് മേഖലയെ രക്ഷിക്കാൻ രാഷ്ട്രത്തെ കടക്കെണിയിലാക്കുകയാണ്. 850 ബില്യൻ ഡോളറാണ് വാൾസ്ട്രീറ്റ് സ്ഥാപനങ്ങൾക്കായി സർക്കാർ ഇപ്പോൾ നീക്കിവെച്ചിരിക്കുന്നത്. അതോടെ ഈ മേഖലക്കായി വിനിയോഗിച്ച തുക 2 ട്രില്യൻ ഡോളർ കവിയും. ഓരോ കുടുംബത്തിനും 18000 ഡോളർ വരുമിത്. ഇതിൽ പലതും തിരിച്ചു ലഭിക്കുന്നതാവാം. പക്ഷേ ആശ്വസിക്കാനായിട്ടില്ല. തകർച്ചകൾ തുടരുകയാണ്. 700 ബില്യൻ ഡോളറിന്റെ പാക്കേജ് അംഗീകരിച്ച് രണ്ട് ദിവസത്തിനു ശേഷം സുരക്ഷിതമല്ലാത്ത കടങ്ങളും ഏറ്റെടുക്കുമെന്ന് ഫെഡറൽ റിസർവ് പ്രഖ്യാപിക്കുകയുണ്ടായി. അങ്ങനെ വന്നാൽ യാതൊരു ഗ്യാരണ്ടിയുമില്ലാതെ സ്ഥാപനങ്ങൾക്ക് കടം നൽകുന്നതിന് തുല്യമായിരിക്കും ഇത്. ഇതെവിടെ ചെന്നവസാനിക്കും എന്ന് പറയാനാവില്ല. മാത്രമല്ല കമ്പനികളുടെ ബാലൻസ് ഷീറ്റ് ശരിയാക്കാൻ നേരിട്ട് ഇടപെടുമെന്നും പ്രഖ്യാപനമുണ്ടായി. സാധാരണ നിക്ഷേപകനെ പോലെ ഫെഡറൽ റിസർവ് കമ്പനികളുടെ ഓഹരികൾ നേരിട്ട് വാങ്ങുമെന്നാണ് അതിനർഥം. ബാങ്കുകളിൽ പണമിറക്കി ദേശസാൽക്കരണം നടത്താനും തീരുമാനമുണ്ട്. പലിശനിരക്ക് കുറക്കുകയുമാണ്. പലിശനിരക്ക് കുറച്ച് എളുപ്പത്തിൽ പണം ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കിയതാണ് സമ്പദ്വ്യവസ്ഥയെ ഈ തകർച്ചയിലെത്തിച്ചത് എന്ന് ആരും ഓർക്കുന്നില്ല.




### സാമ്പത്തിക അപകടാവസ്ഥ

അമേരിക്കൻ കോൺഗ്രസ് കടത്തിനുമീതെ കടം വാങ്ങിക്കൂട്ടുക വഴി രാഷ്ട്രം സാമ്പത്തിക അസ്ഥിരതയിലേക്ക് കൂപ്പുകുത്തുകയായിരുന്നു. കഴിഞ്ഞ മെയ് മാസത്തിലും ഫൈനാൻസ് മന്ത്രാലയം ഇതു സംബന്ധിച്ച് താക്കീത് നൽകുകയുണ്ടായി. സമ്പദ്വ്യവസ്ഥയുടെ വളർച്ചാനിരക്കിനേക്കാൾ കൂടുതലാണ് ബജറ്റ്കമ്മിയുടെ വർധന. ഇതാണ് അസ്ഥിരതക്കുള്ള പ്രധാന കാരണം. പലിശ ബാധ്യത തീർക്കാനായി വീണ്ടും കടമെടുക്കുന്നത് കമ്മി കുമിഞ്ഞുകൂടാനിടയാക്കുന്നു. ഒരിക്കലും കരകയറാനാവാത്ത പലിശക്കെണിയിൽ അകപ്പെടുന്നു എന്നതാണ് ഇതിന്റെ ഫലം. ഒടുക്കം പലിശയടക്കാൻ വരുമാനം വർധിപ്പിക്കേണ്ടതായി വരും. ഇത് നികുതി വർധനക്കും പൊതു ചെലവ് കുറയാനും കാരണമാവും. അടുത്ത വർഷത്തെ ബജറ്റ്കമ്മി ഒരു ട്രില്യൻ ഡോളർ കവിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

ഇത്രയും തുക ഇനിയും ആരാണ് അമേരിക്കക്ക് നൽകാൻ തയാറാവുക? തിരിച്ചു ലഭിക്കുമെന്നുറപ്പില്ലാത്ത പണം നൽകാൻ ചൈന തയാറാവുമെന്ന് കരുതുന്നുണ്ടോ? അമേരിക്കയിലെ ജനങ്ങൾ സർക്കാറിന് ഇനി കടം നൽകുമോ? അവർക്കതിന് ശേഷിയുണ്ടോ? അമേരിക്കൻ സർക്കാർ ഇനി ഇറക്കാൻ പോവുന്ന ബോണ്ടുകളുടെയും കടപ്പത്രങ്ങളുടെയും വിശ്വാസ്യത കുറഞ്ഞതിനാൽ ജനങ്ങൾ അവ വാങ്ങാൻ മടിക്കുമെന്നാണ് വിദഗ്ധാഭിപ്രായം.

## അനാവശ്യ വിദേശനയം

കടം കുതിച്ചുയരുകയും സമ്പദ്വ്യവസ്ഥ പ്രതിസന്ധിയിൽ പെട്ടുഴലുകയും ചെയ്യുമ്പോൾ ലോകം കീഴടക്കാനുള്ള നീക്കങ്ങളുമായി യു.എസിന് ഇനിയും മുന്നോട്ടു പോവാനാവില്ല. ഇറാഖിൽ യുദ്ധം അവസാനിച്ചിട്ടില്ല. 600 ബില്യൻ ഡോളർ ഇപ്പോൾതന്നെ പാഴാക്കിക്കഴിഞ്ഞു. മൊത്തം യുദ്ധച്ചെലവ് 2 ട്രില്യൻ ഡോളർ കവിയും. കോൺഗ്രസ് ബജറ്റനുസരിച്ച് ജോസഫ് സ്റ്റിഗ്ലിസിന്റെയും മറ്റും കണക്കുകൾ കൂടി ചേർത്താൽ ഇത് 3 ട്രില്യൻ കവിയും. ഇപ്പോൾ തലയൂരുന്നത് ചെലവ് കുറച്ചേക്കാം. എന്നാൽ കുറക്കാൻ കഴിയാത്ത ചില ചെലവുകളുണ്ട്. മാരകമായി പരിക്കേറ്റ അമേരിക്കൻ സൈനികർക്കു വേണ്ടിയുള്ള ചെലവാണത്. അവരുടെ ജീവിതാന്ത്യം വരെ അത് തുടരും.

വാഷിംഗ്ടണിന്റെ മറ്റു സൈനിക നീക്കങ്ങളും പ്രതിരോധ ചെലവ് ഭീമമാക്കുന്നു. ലോക സൈനിക ചെലവിന്റെ പകുതിയോളം അമേരിക്കയുടേതാണ്. ലോകത്തുടനീളം 800 സൈനിക കേന്ദ്രങ്ങൾ അമേരിക്കക്കുണ്ട്. 2009ലെ സാധാരണ സൈനിക ചെലവ് പ്രതീക്ഷിക്കുന്നത് 515 ബില്യൻ ഡോളറാണ്. രണ്ടാം ലോകയുദ്ധത്തിനു ശേഷം ഏറ്റവും വലിയ തുകയാണിത്. ശീതസമരം, കൊറിയ-വിയറ്റ്നാം യുദ്ധങ്ങൾ എന്നിവക്കെല്ലാം കൂടി ചെലവഴിച്ച തുകയേക്കാൾ കൂടുതലാണിത്. ഇറാഖിലും അഫ്ഗാനിലുമായി ഓരോ മാസവും ചെലവഴിക്കുന്ന 12 ബില്യൻ ഡോളർ ഇതിനു പുറമെയാണ്. ഇതെല്ലാം കൂടി ചേരുമ്പോൾ 700 ബില്യൻ കവിയും. അഥവാ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറ്റാൻ ചെലവഴിച്ച അത്രയും തുക ഓരോ വർഷവും സൈന്യത്തിനു വേണ്ടി മാത്രം ചെലവഴിക്കണം. ലോക പോലീസ് ചമയാനുള്ള രാജ്യത്തിന്റെ അതിമോഹമാണ്, റെക്കോർഡ് സാമ്പത്തിക വളർച്ചയും വരു




മാനവും ഉണ്ടായിട്ടും സമ്പദ്വ്യവസ്ഥയുടെ തകർച്ചയിലേക്കും അങ്കിൾസാമിനെ കടം കൊടുക്കുന്നവരുടെ പടിവാതിൽക്കൽ കൈനീട്ടുന്നതിലേക്കും നയിച്ചത്. ലോക നേതൃപദവി നഷ്ടപ്പെടുത്തിയതും ഇതുതന്നെ. മറ്റൊരു രാഷ്ട്രവും ഇത്രയും തുക പ്രതിരോധത്തിനോ കടന്നാക്രമണങ്ങൾക്കോ ചെലവഴിക്കുന്നില്ല.

എന്തിനാണ് പഴയ സോവിയറ്റ് യൂനിയന്റെ ഭാഗമായിരുന്ന ബാൾട്ടിക് സ്റ്റേറ്റുകൾ സംരക്ഷിക്കാൻ അമേരിക്ക തുനിഞ്ഞിറങ്ങുന്നത്? ജോർജിയയും ഉക്രൈനും സംരക്ഷിക്കുന്നത് എന്തിനാണ്? അവിടെ അമേരിക്കക്ക് സുരക്ഷാഭീഷണിയുണ്ടോ? ജപ്പാൻ സൈന്യത്തിന് ഇപ്പോഴും സബ്സിഡി നൽകുന്നതിന്റെ ന്യായമെന്താണ്? ലോകത്തിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ സമ്പദ്വ്യവസ്ഥയല്ലേ ജപ്പാൻ? എന്നാൽ വരുമാനത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് അവർ പ്രതിരോധത്തിന് ചെലവഴിക്കുന്നത്. അമേരിക്കയുടെ ഭാരത്തിന്റെ നാലിലൊന്ന്. ഈ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ടോക്കിയോയോട് അമേരിക്കക്ക് പറയാൻ കഴിയണം: 'നിങ്ങളാണ് ഇപ്പോൾ ശക്തം. അതിനാൽ നിങ്ങളുടെ സുരക്ഷ നിങ്ങൾ തന്നെ നോക്കണം.'

തെക്കൻ കൊറിയയും അതേപോലെതന്നെ. വളരുന്ന സമ്പദ്വ്യവസ്ഥയായ കൊറിയയുടെ ജി.ഡി.പി വടക്കൻ കൊറിയയുടെ 40 മടങ്ങാണ്. തെക്കൻ കൊറിയയിലെ യുവാക്കൾക്കിപ്പോൾ വടക്കൻ കൊറിയയെയല്ല ഭയം, അമേരിക്കയെയാണ്. യു.എസ്സിന്റെ 26000 സൈനികർ ഇപ്പോഴും അവിടെ തുടരുന്നു. അവരെ തിരിച്ചുവിളിക്കണം. എന്നിട്ട് കൊറിയയുടെ കാര്യം അവർ തന്നെ നോക്കട്ടെ. അത്രയൊക്കെ വളർന്നു കഴിഞ്ഞു അവർ.

## അതിജീവനത്തിന്റെ വഴി

വാഷിംഗ്ടണിന് രാജ്യം കെട്ടിപ്പടുക്കാനുള്ള അവസരമാണിത്. സോഷ്യൽ എഞ്ചിനീയറിംഗ് രാജ്യത്തിന് പുറത്തു നിർവഹിക്കുന്നത്ര എളുപ്പമല്ല അകത്ത്. മറ്റു സമൂഹങ്ങളെ പുനർനിർമിക്കുന്നതിന് അമേരിക്ക ചരിത്രവും പാരമ്പര്യവും ഭൂമിശാസ്ത്രവും മതവും വംശീയതയും സംസ്കാരവും പുനർ നിർണയിക്കുകയുണ്ടായി. അതിനേക്കാൾ പ്രയാസകരമാണത് അമേരിക്കയിൽ. ഇറാഖ് ഒരു ദുരന്തമായിരുന്നു. ഹെയ്തിയിൽ കാര്യങ്ങൾ നിയന്ത്രിക്കാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടായി. യുദ്ധപ്രഭുക്കളെ നിയന്ത്രിക്കാൻ കഴിഞ്ഞത് നേട്ടമാണ്. കൊസോവോയും ബോസ്നിയയും അമേരിക്കൻ ഇടപെടലുണ്ടായില്ലെങ്കിൽ രാഷ്ട്രമായിത്തീരുമായിരുന്നില്ല എന്നതും ശരിതന്നെ. യുദ്ധം അറ്റക്കൈ പ്രയോഗമാണ്. അമേരിക്കക്ക് ഭീഷണിയുണ്ടെങ്കിലേ അതിന് തയാറാവൂ.

സമ്പദ്വ്യവസ്ഥ പ്രതിസന്ധിയിൽനിന്ന് പതിയെ കരകയറിയേക്കാം. എന്നാൽ ലോകനേതൃപദവി ഇനി തിരിച്ചുകിട്ടില്ല. കഴിഞ്ഞ ആറു വർഷത്തിനിടയിൽ അമേരിക്ക ധാർമികമേധാവിത്വം, നയതന്ത്രപരത, സൈനിക മേധാവിത്വം എന്നിവ കളഞ്ഞുകുളിച്ചു. ഇപ്പോൾ സാമ്പത്തിക സുരക്ഷിതത്വവും.

എന്തായാലും രാഷ്ട്രത്തിന് ഇത് അത്ര നല്ല സമയമല്ല. നല്ല സമയം ഉണ്ടായിരുന്നെങ്കിൽ അത് നഷ്ടപ്പെട്ടുകഴിഞ്ഞു. ലോകകാര്യങ്ങളിൽ ഇടപെടുന്നതിനു പകരം ഒരു സാധാരണ രാജ്യമായി സ്വത്വം സംരക്ഷിക്കാൻ നാം തയാറാവുക. ലോകസുരക്ഷിതത്വവും സ്ഥിരതയും സമ്പന്നതയും സംരക്ഷിക്കും എന്ന് അമേരിക്കക്ക് ഇനിയും അവകാശപ്പെടാനാവില്ല. ഇത് സൈന്യത്തിനോ രാജ്യത്തിനോ ഭീഷണി സൃഷ്ടിക്കില്ല താനും.

(www.antiwar.com, 2008 ഒക്ടോ: 10)

**വിവ: മുഹമ്മദ് പാലത്ത്**